(എഫ്) സാമൂഹ്യ ക്ഷേമവകുപ്പ് നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾക്ക് 50.13 ലക്ഷം രൂപയും സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് 57.10 ലക്ഷം രൂപയുമാണ് നടപ്പ് വർഷം വകയിരുത്തിയിരിക്കുന്നത്.

(ജി, എച്ച്) വൃദ്ധജനങ്ങളുടെ സമഗ്രമായ ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമാക്കി മലപ്പുറം ജില്ലയിൽ സ്നേഹതീരം എന്ന പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

ആദിവാസികൾക്കുള്ള വരുമാനദായക വർദ്ധന പദ്ധതി

45 [1184] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി കേന്ദ്രമാക്കി ആദിവാസികളുടെ വരുമാനദായക വർദ്ധന പരിപാടി നടപ്പിലാക്കുവാൻ സഹകരണ മേഖലയിൽ വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

വ്യവസായ വകുപ്പിന് കീഴിൽ സഹകരണ മേഖലയിൽ അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനായി കരകൗശല, വ്യവസായ, കൈത്തറിമേഖലകളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിൽനിന്നും വിവിധ ഇനത്തിൽ ഗ്രാന്റായി 35,98,667 രൂപയും വായ്പയായി 5,73,275 രൂപയും സർക്കാർ ഓഹരി പങ്കാളിത്തമായി 10,26,000 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ആകെ 8 സഹകരണ സംഘങ്ങളിൽ ഇപ്പോൾ 3 എണ്ണം പ്രവർത്തിക്കുന്നുണ്ട്. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ വരുമാന വർദ്ധനവിനായി രൂപീകരിച്ചിട്ടുള്ള ആയുർവേദ സഹകരണ സംഘം അംഗങ്ങളുടെ താൽപ്പര്യമില്ലായ്മ മൂലം പ്രവർത്തനരഹിതമാണ്. ഇതിന്റെ പുനരുദ്ധാരണത്തിനുള്ള ശ്രമം തുടരുന്നുണ്ട്. ആദിവാസികളുടെ ക്ഷേമം മുൻനിർത്തി അട്ടപ്പാടിയിൽ സഹകരണ മേഖലയിൽ പുതിയ നിർദ്ദേശങ്ങൾ ആരായുന്നുണ്ട്.

സ്ത്രീ ശാക്തീകരണം

46 [1185] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03-ലെ സംസ്ഥാന ബഡ്ജറിൽ സ്ത്രീ ശാക്തീകരണത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എന്തു തുകയാണ് നീക്കിവച്ചിരുന്നത് എന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്ത്രീ ശാക്തീകരണത്തിനായി 2002-03 സാമ്പത്തിക വർഷത്തിൽ പുതുതായി ഒരു പദ്ധതിക്കും രൂപം നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വനിതാ കമ്മീഷന് പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്താൻ നടപടി

47 [1186] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷന്റെ പരിഗണനക്കും തീർപ്പിനുമായി ഇപ്പോൾ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വളരെയേറെ പരാതികൾ വനിതാ കമ്മീഷനിൽ കെട്ടിക്കിടക്കുന്ന സാഹചര്യം കണക്കിലെടുത്ത് പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) വനിതാ കമ്മീഷനിൽ കിട്ടുന്ന പരാതികൾ സമയ ബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് കമ്മീഷൻ ആവശ്യപ്പെടുന്ന വിവിധ ആവശ്യങ്ങൾ അടിയന്തിരമായി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 3367 പരാതികൾ.

(ബി) 2002 മേയ് 14-ന് പുതിയ കമ്മീഷൻ നിലവിൽ വരുമ്പോൾ 9382 പരാതികൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നുണ്ടായിരുന്നതിൽ 6015 പരാതികൾ ഇതിനകം അദാലത്തുകളും പ്രത്യേക സിറ്റിംഗുകളും നടത്തി തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയും ഇപ്രകാരം തീർപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) കമ്മീഷൻ ഓഫീസ് പഴയ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സൗകര്യപ്രദമായ കെട്ടിടം ഇല്ലാത്തതു കാരണം പരാതിക്കാരുടെ ബാഹുല്യം പരിഗണിച്ച് കമ്മീഷൻ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കമ്മീഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം നൽകുന്നതിന് ശ്രമിച്ചുവരുന്നു.

വനിതാ വികസന കോർപ്പറേഷനിലെ
വൺടൈം സെറ്റിൽമെന്റ് സ്കീം

48 [1187] ശ്രീ. സി. മമ്മൂട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷനിലെ വൺടൈം സെറ്റിൽമെന്റ് സ്കീം വഴി എത്രപേർക്ക് ഗുണം ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly